അന്യസംസ്ഥാന തൊഴിലാളികൾക്ക് ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ

163 (4498) ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ ഒഴിവാക്കാനും കുറ്റം ചെയ്തവരെ കണ്ടെത്താനും തൊഴിലാളികൾ ജോലിക്കുവരുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ ഓൺലൈനായി ഒറ്റത്തവണ നിർബന്ധിത രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) രജിസ്ട്രേഷൻ ഇല്ലാത്ത തൊഴിലാളിയെ കൊണ്ട് ജോലി ചെയ്യിക്കുന്ന കരാറുകാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

നിരപരാധികളെ കുറ്റവാളികളാക്കുന്ന നടപടി

164 (4499) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ മാസവും ഓരോ പോലീസ് സ്റ്റേഷനിലും ഒരു നിശ്ചിത എണ്ണം പെറ്റിക്കേസുകൾ ചാർജ്ജ് ചെയ്തിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ, ഇത് എന്തിനുവേണ്ടിയാണെന്ന് പറയാമോ ;

(ബി) ഇപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന്റെ ഭാഗമായി നിരപരാധികളുടെ പേരിൽ കള്ളക്കേസുകളുണ്ടാക്കുന്ന പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(സി) ഇതിനായി ഇരുചക്രവാഹനത്തിൽ യാത്രചെയ്യുന്ന സാധാരണക്കാരുടെ പേരിൽ ഇല്ലാത്ത കേസുണ്ടാക്കുന്നതും മാന്യന്മാരെ അവഹേളിക്കുന്നതും സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; ഈ പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly